'ഭരണഭാഷ- മാതൃഭാഷ'

കേരള സർക്കാർ

## സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - പഞ്ചായത്ത് ജീവനക്കാര്യം - കോട്ടയം ജില്ലയിലെ പൂഞ്ഞാർ ഗ്രാമപഞ്ചായത്തിലെ എൽ.ഡി. ക്ലാർക്കായിരുന്ന ശ്രീ. അനിൽകുമാർ എം.ആർ.നെതിരായ അച്ചടക്ക നടപടി - തീർപ്പാക്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

തദ്ദേശ സ്വയംഭരണ (ഇപിബി) വകുപ്പ്

സ.ഉ.(സാധാ) നം.753/2019/ത.സ്വ.ഭ.വ തീയതി,തിരുവനന്തപുരം, 29/03/2019

പരാമർശം:- 1 വിജിലൻസ് & ആന്റി കറപ് ഷൻ ബ്യൂറോ ഡയറക്ടറുടെ 02.04.2016-ലെ സി6(വിസി 05/14/കെറ്റിഎം)456/2014 നമ്പർ കത്ത്

2 വിജിലൻസ് (ഡി) വകുപ്പിന്റെ 30.04.2016-ലെ 14320/ഡി3/2015വിജി. നമ്പർ കത്ത്

3 സർക്കാരിന്റെ 04.11.2016-ലെ ഇപിബി2/137/2016/തസ്വഭവ നമ്പർ കുറ്റപത്രം

4 ശ്രീ. അനിൽകുമാർ എം.ആർ. സമർപ്പിച്ച 27.01.2017-ലെ പ്രതിവാദ പത്രിക

5 പഞ്ചായത്ത് ഡയറക്ടറുടെ 21.11.2017-ലെ ഡി5-40002/2016നമ്പർ കത്ത്

## ഉത്തരവ്

കോട്ടയം ജില്ലയിലെ പൂഞ്ഞാർ ഗ്രാമപഞ്ചായത്ത് സെക്രട്ടറി ശ്രീ. ഇ.എം. ആരിഫ് ഖാൻ, ഇ.എം.ഡി. തുക മടക്കി നൽകുന്നതിന് അപേക്ഷകനിൽ നിന്നും 2000/- രൂപ കൈക്കൂലി ആവശ്യപ്പെട്ടു എന്ന പരാതിയുടെ അടിസ്ഥാനത്തിൽ വിജിലൻസ് & ആന്റി കറപ് ഷൻ ബ്യൂറോ പൂഞ്ഞാർ ഗ്രാമപഞ്ചായത്ത് സെക്രട്ടറി ശ്രീ. ആരിഫ് ഖാനെതിരെ ബഹു. എൻക്വയറി കമ്മീഷണർ & സ്പെഷ്യൽ ജഡ്ജ് മുമ്പാകെ വി.സി.5/2014/കെടിഎം നമ്പർ കേസ് രജിസ്റ്റർ ചെയ്യുകയുണ്ടായി. കൂടാതെ ഇതുമായി ബന്ധപ്പെട്ട് വിജിലൻസ് & ആന്റി കറപ് ഷൻ ബ്യൂറോ നടത്തിയ അന്വേഷണത്തിൽ പൂഞ്ഞാർ ഗ്രാമപഞ്ചായത്തിലെ എൽ.ഡി. ക്ലാർക്ക് ശ്രീ. അനിൽകുമാർ എം.ആർ, പരാതിക്കാരനോട് ആരോപണ വിധേയനായ സെക്രട്ടറി ശ്രീ. ഇ.എം. ആരിഫ് ഖാനെ കാണുവാനും അദ്ദേഹത്തിന്റെ ഡിമാന്റ് അംഗീകരിക്കുവാൻ പ്രേരിപ്പിക്കുകയും ചെയ്തു എന്നും കണ്ടെത്തുകയുണ്ടായി. തുടർന്ന് പ്രസ്തുത ക്രമക്കേടിന് ശ്രീ. അനിൽകുമാറിനെതിരെ പരാമർശം (3) പ്രകാരം ലഘുശിക്ഷയ്ക്കുള്ള കുറ്റപത്രം നൽകി അച്ചടക്ക നടപടി ആരംഭിച്ചു.

കുറ്റപത്രത്തിന് ശ്രീ. അനിൽകുമാർ പരാമർശം (4) പ്രകാരം സമർപ്പിച്ച പ്രതിവാദ പത്രികയിന്മേൽ പഞ്ചായത്ത് ഡയറക്ടർ പരാമർശം (5) പ്രകാരം ലഭ്യമാക്കിയ റിപ്പോർട്ടിൽ ശ്രീ. എം.ആർ. അനിൽകുമാർ ഏകദേശം 5 വർഷമായി പൂഞ്ഞാർ തെക്കേക്കര ഗ്രാമപഞ്ചായത്തിൽ സേവനമനുഷ്ഠിച്ച വരുന്നുവെന്നും ടി കാലയളവിൽ ടിയാൻ പദ്ധതിനിർവ്വഹണം സംബന്ധിച്ച

സെക്ഷനാണ് കൈകാര്യം ചെയ്തിരുന്നതെന്നും കുറ്റപത്രത്തിന് ടിയാൻ സമർപ്പിച്ച പ്രതിവാദ പത്രിക പരിശോധിച്ചതിൽ നിന്നും സെക്രട്ടറി സ്ഥലത്തില്ലാത്ത സമയത്ത് സെക്രട്ടറിയെ കാണാനായി വരുന്നവർ ആവശ്യപ്പെടുകയാണെങ്കിൽ ടിയാളുകൾക്ക് മറ്റു ജീവനക്കാർ സെക്രട്ടറിയുടെ ഫോൺ നമ്പർ നൽകുന്നത് പതിവാണെന്ന ടിയാന്റെ വാദം അംഗീകരിക്കാവുന്നതാണെന്നും പഞ്ചായത്ത് ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

ശ്രീ. അനിൽകുമാർ സമർപ്പിച്ച മറുപടിയുടെയും പഞ്ചായത്ത് ഡയറക്ടർ ലഭ്യമാക്കിയ റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. സെക്രട്ടറി സ്ഥലത്തില്ലാത്ത സമയത്ത് സെക്രട്ടറിയെ കാണാനായി വരുന്നവർ ആവശ്യപ്പെടുകയാണെങ്കിൽ ടിയാളുകൾക്ക് മറ്റു ജീവനക്കാർ സെക്രട്ടറിയുടെ ഫോൺ നമ്പർ നൽകുന്നത് പതിവാണെന്ന ശ്രീ. അനിൽകുമാറിന്റെ വാദം പരിഗണനാർഹമാണെങ്കിലും ശ്രീ. അനിൽകുമാർ, പരാതിക്കാരനോട് ആരോപണ വിധേയനായ സെക്രട്ടറി ശ്രീ. ഇ.എം. ആരിഫ് ഖാനെ കാണുവാനും അദ്ദേഹത്തിന്റെ ഡിമാന്റ് അംഗീകരിക്കുവാൻ പ്രേരിപ്പിക്കുകയും ചെയ്തു എന്ന് വിജിലൻസ് കണ്ടെത്തിയ കുറ്റം ഖണ്ഡിക്കാനുതകുന്ന തരത്തിലുള്ള മറുപടി നൽകിയിട്ടില്ലായെന്നു കാണുന്നു. ഈ സാഹചര്യത്തിൽ ശ്രീ. അനിൽകുമാർ എം.എർ.നെതിരായ അച്ചടക്ക നടപടി ടിയാന്റെ ഒരു വാർഷിക വേതന വർദ്ധനവ് സഞ്ചിതഫലത്തോടെയല്ലാതെ ഒരു വർഷത്തേയ്ക്ക് തടഞ്ഞ് അച്ചടക്ക നടപടി തീർപ്പാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു. പഞ്ചായത്ത് ഡയറക്ടർ ഇക്കാര്യത്തിൽ ആവശ്യമായ തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**എസ്.മോഹൻദാസ്**
**അഡീഷണല് സെക്രട്ടറി**

പകർപ്പ്

1. ശ്രീ. അനിൽകുമാർ എം.ആർ, എൽ.ഡി. ക്ലാർക്ക്, പൂഞ്ഞാർ ഗ്രാമപഞ്ചായത്ത്

   (പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം മുഖേന)

2. പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
3. ഡയറക്ടർ, വിജിലൻസ് & ആന്റി കറപ് ഷൻ ബ്യൂറോ, തിരുവനന്തപുരം
4. അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്), കേരള, തിരുവനന്തപുരം/തൃശ്ശൂർ
5. പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കോട്ടയം
6. ഡയറക്ടർ, ഐ.കെ.എം, തിരുവനന്തപുരം
7. വിജിലൻസ് (ഡി) വകുപ്പ് (യു.ഒ. റിമാർക്സ് നം.ഡി4/287/2018/വിജി. തീയതി 21.11.2018 പ്രകാരം)

8. വിവര, പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്

9. കരുതൽ ഫയൽ/ഓഫീസ് കോപ്പി (ഇപിബി2/137/2016/തസ്വഭവ)

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ